കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ വീഴ്ച

84 [3092] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ ആകെ ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധിയിൽ സർക്കാരും കർഷകരും അടയ്ക്കേണ്ട വിഹിതം പൂർണ്ണമായും അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക തുക ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ഇ) ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) റിട്ടയർമെന്റ്, വിവാഹധനസഹായം, ചികിത്സ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മരണാനന്തര സഹായം എന്നീ കാര്യങ്ങളിൽ എത്ര അപേക്ഷകൾ പരിഗണനയിൽ ഉണ്ട്;

(ജി) ആനുകൂല്യങ്ങൾ കൊടുത്തുതീർക്കേണ്ടവരുടെ ജില്ല തിരിച്ചുള്ള എണ്ണവും തുകയും അറിയിക്കുമോ;

(എച്ച്) ക്ഷേമനിധി ആനുകൂല്യങ്ങൾ എത്രയുംവേഗം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഐ). ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്ന ധനസഹായം കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ ആകെ ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ സർക്കാർ വിഹിതം അടയ്ക്കേണ്ടതാണെന്ന് ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 5 കോടി രൂപ സർക്കാർ ഗ്രാന്റായി നൽകിയിട്ടുണ്ട്. കർഷകർ അടയ്ക്കേണ്ട വിഹിതം പിരിച്ചെടുക്കുന്നത് റവന്യൂ വകുപ്പു മുഖേന ആയതിനാൽ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ നിർണ്ണയിക്കുവാൻ ബോർഡിനു സാധിച്ചിട്ടില്ല.

(ഡി) ഭൂ ഉടമാ വിഹിതത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) 31-3-2004-ലെ കണക്കനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, ചികിത്സാ സഹായം, മരണാനന്തര സഹായം എന്നീ ഇനങ്ങളിലായി യഥാക്രമം 91541, 43665, 1333, 854 വീതം അപേക്ഷകൾ പരിഗണനയിൽ ഉണ്ട്. വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷയിൽ കുടിശ്ശികയില്ല.

(ജി) ആനുകൂല്യങ്ങൾ കൊടുത്തുതീർക്കേണ്ടവരുടെ ജില്ല തിരിച്ചുള്ള എണ്ണവും തുകയും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(എച്ച്) ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിന് 59 കോടിയിലധികം രൂപ വേണ്ടിവരും. ബോർഡിന്റെ പക്കൽ ഇപ്പോൾ 10.75 കോടി രൂപയോളമേ ഉള്ളൂ. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു.

(ഐ) ഫണ്ടിന്റെ അഭാവത്തിൽ, വിവിധ ക്ഷേമ ആനുകൂല്യങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള നിലവിലുള്ള അപേക്ഷകൾ തന്നെ തീർപ്പാക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള ആനുകൂല്യങ്ങൾ പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ആഭരണ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

85 [3093] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭരണ നിർമ്മാണ മേഖലയിൽ പണി എടുക്കുന്ന തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly